**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1961** **16-03-2022 - ൽ മറുപടിയ്ക്ക്**

**ആശ്രിത നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | null<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ സർക്കാർ ജീവനക്കാരുടെ ആശ്രിത നിയമനം അഞ്ച് ശതമാനമായി നിജപ്പെടുത്തിയിട്ടുണ്ടോ; അങ്ങനെ നിജപ്പെടുത്തുന്നതിന് ഏതെല്ലാം കോടതി വിധികളാണ് ആധാരമായി വന്നിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | OA (Ekm) 2106/17, OA (Ekm) 800/18, OA (Ekm) 1133/18, OA (Ekm) 1272/18 എന്നീ കേസുകളിൽമേൽ 29.06.2018 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവിൽ ഓരോ വകുപ്പിലും ഓരോ വർഷവും ഉണ്ടാകുന്ന ആകെ ഒഴിവുകളുടെ 5% മാത്രമേ ആശ്രിത നിയമനത്തിനായി നീക്കിവെക്കാവൂ എന്ന് ഉത്തരവായിരുന്നു. OP(KAT) 25/2019 കേസിൽ ട്രിബ്യൂണലിന്റെ വിധി ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ച് 10.04.2019 ലെ വിധിയിലൂടെ ശരിവയ്ക്കുകയും ചെയ്തു. പ്രസ്തുത കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ മാതൃ വകുപ്പുകളിൽ നടത്തുന്ന നിയമനങ്ങൾ ഉൾപ്പെടെ ആശ്രിത നിയമനത്തിന് ഓരോ വർഷവും ഓരോ വകുപ്പിലുമുണ്ടാകുന്ന ആകെ ഒഴിവുകളുടെ 5% മാത്രമേ നീക്കിവെക്കാവൂ എന്ന് എല്ലാ വകുപ്പുകൾക്കും 14.12.2020 ലെ ഉപ.സി.2/227/2020-ഉഭപവ നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം ഈ വകുപ്പിൽ നിന്നും നിർദേശം നൽകിയിട്ടുണ്ട്. |
| (ബി) | ആശ്രിത നിയമനം അഞ്ച് ശതമാനമായി നിജപ്പെടുത്തിയത് കാരണം ആശ്രിതർക്ക് നിയമനം കിട്ടാൻ വർഷങ്ങൾ കാത്തിരിക്കേണ്ട അവസ്ഥ സംജാതമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ പൊതു തസ്തികകളിൽ ആശ്രിത നിയമനം ലഭിക്കുന്നതിന് കാലതാമസമുണ്ടാകുന്നുണ്ട്. ഇക്കാര്യം കണക്കിലെടുത്ത്, പൊതു തസ്തികകളിൽ സർക്കാരിൽ നിന്നും ആശ്രിത നിയമനത്തിനുള്ള നിയമനാനുമതി ലഭിച്ചിട്ടും , നാല് വർഷം കഴിഞ്ഞ ശേഷവും നിയമന ഉത്തരവ് ലഭിക്കാത്തവർക്ക്, അർഹമായ സാങ്കേതിക തസ്തികകളിൽ ഉൾപ്പെടെ നിയമനം ലഭിക്കുന്നതിന് തസ്തികമാറ്റ അപേക്ഷ സമർപ്പിക്കുന്നതിന് അനുമതി നൽകി 07.06.2021 ലെ സ.ഉ (കൈ) നം. 12/2021/ഉ.ഭ.പ.വ. നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. |
| (സി) | ഇപ്രകാരം നിജപ്പെടുത്തിയത് കാരണം അർഹരായ ചില ആശ്രിതർക്ക് വിരമിക്കൽ പ്രായം കഴിഞ്ഞെ | (സി) | കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ പൊതു തസ്തികകളിൽ ആശ്രിത നിയമനം ലഭിക്കുന്നതിന് |

| | | | |
|---|---|---|---|
| | ജോലി ലഭിക്കാൻ സാധ്യതയുള്ള എന്ന അവസ്ഥ കണ്ടുവരുന്നുണ്ടോ; വിശദമാക്കാമോ; | | കാലതാമസമുണ്ടാകുന്നുണ്ട്. ഇക്കാര്യം കണക്കിലെടുത്ത്, പൊതു തസ്തികകളിൽ സർക്കാരിൽ നിന്നും ആശ്രിത നിയമനത്തിനുള്ള നിയമനാനുമതി ലഭിച്ചിട്ടും , നാല് വർഷം കഴിഞ്ഞ ശേഷവും നിയമന ഉത്തരവ് ലഭിക്കാത്തവർക്ക്, അർഹമായ സാങ്കേതിക തസ്തികകളിൽ ഉൾപ്പെടെ നിയമനം ലഭിക്കുന്നതിന് തസ്തികമാറ്റ അപേക്ഷ സമർപ്പിക്കുന്നതിന് അനുമതി നൽകി 07.06.2021 ലെ സ.ഉ (കൈ) നം. 12/2021/ഉ.ഭ.പ.വ. നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | ആശ്രിത നിയമനം അഞ്ച് ശതമാനമായി നിജപ്പെടുത്തിയതിനെതിരെ സർക്കാർ ഏതെങ്കിലും കേസിൽ കക്ഷി ചേർന്നിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | OP(KAT) 25/2019 കേസിലെ ഒന്നാം എതിർകക്ഷിയായ ആഭ്യന്തര വകുപ്പ്, ഹൈക്കോടതിയുടെ വിധിന്യായം പരിശോധിക്കുവാൻ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ